# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 20

# വാർത്താക്കുറിപ്പ്

---

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2019-21 വിദ്യാഭ്യാസ വർഷത്തെ എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ രേഖകളുമായി ഡിസംബർ 23ന് രാവിലെ 10ന് വകുപ്പുമേധാവിയുടെ ഓഫീസിൽ എത്തണം. ഫോൺ: 0481-2731034.

(പി.ആർ.ഒ/39/2257/2019)

## പരീക്ഷാഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്കൃതം ജനറൽ (സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2258/2019)

## മൂല്യനിർണയ ക്യാമ്പ്

മൂന്ന്, അഞ്ച് സെമസ്റ്റർ ബിരുദപരീക്ഷകളുടെ മേഖല മൂല്യനിർണയ ക്യാമ്പുകൾ ഡിസംബർ 23 മുതൽ 28 വരെ പ്രവർത്തിക്കില്ല. ഡിസംബർ 30 മുതൽ ക്യാമ്പുകൾ പുനരാരംഭിക്കും.

(പി.ആർ.ഒ/39/2259/2019)

## ബി.ടെക് പുനർമൂല്യനിർണയം; അപേക്ഷിക്കാൻ അവസരം

സിൻഡിക്കേറ്റ് മോഡറേഷൻ റദ്ദാക്കിയതുമൂലം പരാജയപ്പെട്ട ബി.ടെക് വിദ്യാർഥികൾക്ക് 2018 ഡിസംബറിൽ നടന്ന മൂന്ന്, അഞ്ച്, ഏഴ്, എട്ട് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന് അപേക്ഷിക്കുന്നതിന് അവസരം. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ ഡിസംബർ 30 വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/2260/2019)

## സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷിക്കാം. മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസ്, യോഗിക് സയൻസ്, ഓർഗാനിക് ഫാമിംഗ് എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം. യോഗ്യത: പ്ലസ്ടു/തത്തുല്യ പരീക്ഷ വിജയം. ഓർഗാനിക് ഫാമിംഗിന് വിദ്യാഭ്യാസ യോഗ്യത നിബന്ധനയില്ല. മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസിന്റെ പ്രവേശനം ഡിസംബർ 27നും യോഗിക് സയൻസിന്റേത് ഡിസംബർ 30നും ഓർഗാനിക് ഫാമിംഗിന്റേത് ഡിസംബർ 31നും നടക്കും. 5000 രൂപയാണ് ഫീസ്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2261/2019)

## ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; രാജ്യാന്തര കോൺഫറൻസ് സമാപിച്ചു

വികസനത്തെക്കുറിച്ചുള്ള പുനർചിന്തകളും പ്രകൃതിദുരന്തങ്ങളും മനുഷ്യ സുരക്ഷ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകിയിട്ടുണ്ടെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ

പ്രകൃതിദുരന്തങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും മനുഷ്യസുരക്ഷയെ ബാധിക്കുന്നുണ്ട്. ഇത് സുരക്ഷ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകിയിട്ടുണ്ടെന്നും ഇന്നലെ (ഡിസംബർ 20) സമാപിച്ച കോൺഫറൻസ് വിലയിരുത്തി.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിച്ചത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും പങ്കെടുത്തു.

(പി.ആർ.ഒ/39/2262/2019)

## എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ കരാർ നിയമനം; അപേക്ഷിക്കാം

നാഷണൽ സർവീസ് സ്കീമിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം. സർവകലാശാലകളിലോ അഫിലിയേറ്റഡ് കോളേജുകളിലോ അസോസിയേറ്റ് പ്രൊഫസറായി വിരമിച്ച അധ്യാപകർക്കും അസോസിയേറ്റ് പ്രൊഫസർ പദവിയിൽ കോളേജ് പ്രിൻസിപ്പൽമാരായി വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാം.

എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായി മൂന്നുവർഷത്തെ പ്രവൃത്തി പരിചയം വേണം. ട്രെയിനിംഗ് ആന്റ് ഓറിയേഷൻ സെന്ററിലോ ട്രെയിനിംഗ് ഓറിയന്റേഷൻ ആന്റ് റിസർച്ച് സെന്ററിലോ നിന്ന് എൻ.എസ്.എസ്. ഓറിയന്റേഷൻ പൂർത്തിയാക്കിയിരിക്കണം. പ്രായം: 2019 ജനുവരി ഒന്നിന് 50 വയസിന് മുകളിലും 65 വയസിൽ താഴെയും. മാസം 50000 രൂപ വേതനം ലഭിക്കും. അപേക്ഷഫോറം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. 750 രൂപയാണ് അപേക്ഷ ഫീസ്. ഫീസ് ഓൺലൈനായി 'മിസലേനിയസ് കാറ്റഗറിയിൽ' അടയ്ക്കണം. വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളും അവയുടെ അഞ്ച് പകർപ്പുകളും സഹിതമുള്ള അപേക്ഷ ജനുവരി 20ന് മുമ്പായി ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560 എന്ന വിലാസത്തിൽ അയയ്ക്കണം.

അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് 'പ്രോഗ്രാം കോ-ഓർഡിനേറ്റർ, എൻ.എസ്.എസ്. തസ്തികയ്ക്കുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2263/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 20

# വാർത്താക്കുറിപ്പ്

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2019-21 വിദ്യാഭ്യാസ വർഷത്തെ എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ രേഖകളുമായി ഡിസംബർ 23ന് രാവിലെ 10ന് വകുപ്പുമേധാവിയുടെ ഓഫീസിൽ എത്തണം. ഫോൺ: 0481-2731034.

(പി.ആർ.ഒ/39/2257/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്‌കൃതം ജനറൽ (സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2258/2019)

## മൂല്യനിർണയ ക്യാമ്പ്

മൂന്ന്, അഞ്ച് സെമസ്റ്റർ ബിരുദപരീക്ഷകളുടെ മേഖല മൂല്യനിർണയ ക്യാമ്പുകൾ ഡിസംബർ 23 മുതൽ 28 വരെ പ്രവർത്തിക്കില്ല. ഡിസംബർ 30 മുതൽ ക്യാമ്പുകൾ പുനരാരംഭിക്കും.

(പി.ആർ.ഒ/39/2259/2019)

## ബി.ടെക് പുനർമൂല്യനിർണയം; അപേക്ഷിക്കാൻ അവസരം

സിൻഡിക്കേറ്റ് മോഡറേഷൻ റദ്ദാക്കിയതുമൂലം പരാജയപ്പെട്ട ബി.ടെക് വിദ്യാർഥികൾക്ക് 2018 ഡിസംബറിൽ നടന്ന മൂന്ന്, അഞ്ച്, ഏഴ്, എട്ട് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന് അപേക്ഷിക്കുന്നതിന് അവസരം. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ ഡിസംബർ 30 വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/2260/2019)

## സർട്ടിഫിക്കറ്റ് കോഴ്‌സുകൾക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്‌മെന്റ് ഓഫ് ലൈഫ്‌ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്‌സുകളിലേക്ക് അപേക്ഷിക്കാം. മാനേജ്‌മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസ്, യോഗിക് സയൻസ്, ഓർഗാനിക് ഫാമിംഗ് എന്നീ കോഴ്‌സുകളിലേക്കാണ് പ്രവേശനം. യോഗ്യത: പ്ലസ്ടു/തത്തുല്യ പരീക്ഷ വിജയം. ഓർഗാനിക് ഫാമിംഗിന് വിദ്യാഭ്യാസ യോഗ്യത നിബന്ധനയില്ല. മാനേജ്‌മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസിന്റെ പ്രവേശനം ഡിസംബർ 27നും യോഗിക് സയൻസിന്റേത് ഡിസംബർ 30നും ഓർഗാനിക് ഫാമിംഗിന്റേത് ഡിസംബർ 31നും നടക്കും. 5000 രൂപയാണ് ഫീസ്. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2261/2019)

## ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം;
## രാജ്യാന്തര കോൺഫറൻസ് സമാപിച്ചു

വികസനത്തെക്കുറിച്ചുള്ള പുനർചിന്തകളും പ്രകൃതിദുരന്തങ്ങളും മനുഷ്യ സുരക്ഷ സംബന്ധിച്ച കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകിയിട്ടുണ്ടെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ

പ്രകൃതിദുരന്തങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും മനുഷ്യസുരക്ഷയെ ബാധിക്കുന്നുണ്ട്. ഇത് സുരക്ഷ സംബന്ധിച്ച കാഴ്ച്ചപ്പാടുകൾക്ക് പുതിയ മാനം നൽകിയിട്ടുണ്ടെന്നും ഇന്നലെ (ഡിസംബർ 20) സമാപിച്ച കോൺഫറൻസ് വിലയിരുത്തി.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിച്ചത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും പങ്കെടുത്തു.

(പി.ആർ.ഒ/39/2262/2019)

## എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ കരാർ നിയമനം; അപേക്ഷിക്കാം

നാഷണൽ സർവീസ് സ്കീമിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം. സർവകലാശാലകളിലോ അഫിലിയേറ്റഡ് കോളേജുകളിലോ അസോസിയേറ്റ് പ്രൊഫസറായി വിരമിച്ച അധ്യാപകർക്കും അസോസിയേറ്റ് പ്രൊഫസർ പദവിയിൽ കോളേജ് പ്രിൻസിപ്പൽമാരായി വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാം.

എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായി മൂന്നുവർഷത്തെ പ്രവൃത്തി പരിചയം വേണം. ട്രെയിനിംഗ് ആന്റ് ഓറിയേഷൻ സെന്ററിലോ ട്രെയിനിംഗ് ഓറിയന്റേഷൻ ആന്റ് റിസർച്ച് സെന്ററിലോ നിന്ന് എൻ.എസ്.എസ്. ഓറിയന്റേഷൻ പൂർത്തിയാക്കിയിരിക്കണം. പ്രായം: 2019 ജനുവരി ഒന്നിന് 50 വയസിന് മുകളിലും 65 വയസിൽ താഴെയും. മാസം 50000 രൂപ വേതനം ലഭിക്കും. അപേക്ഷഫോറം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. 750 രൂപയാണ് അപേക്ഷ ഫീസ്. ഫീസ് ഓൺലൈനായി 'മിസലേനിയസ് കാറ്റഗറിയിൽ' അടയ്ക്കണം. വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളും അവയുടെ അഞ്ച് പകർപ്പുകളും സഹിതമുള്ള അപേക്ഷ ജനുവരി 20ന് മുമ്പായി ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560 എന്ന വിലാസത്തിൽ അയയ്ക്കണം.

അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് 'പ്രോഗ്രാം കോ-ഓർഡിനേറ്റർ, എൻ.എസ്.എസ്. തസ്തികയ്ക്കുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2263/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ